MALAPPURAM

MPM-205 A

# SSLC PRE MODEL EXAMINATION – 2023

## SOCIAL SCIENCE

(Malayalam)

Time :- 1:30 Hours

Total Score :- 40

**നിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും. ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ചു ഉത്തരമെഴുതുക.

(1,2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഒരു സ്കോർ വീതം)

2×1=2

1. ബ്രിട്ടീഷുകാരുടെ ചൂഷണത്തിനെതിരെ കുറിച്യ വിഭാഗക്കാർ നടത്തിയ കലാപത്തിന് നേതൃത്വം നൽകിയത് ആര്?

2. സമുദ്രനിരപ്പിൽ നിന്നും ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കൽപിക രേഖകൾ ഏത് പേരിൽ അറിയപ്പെടുന്നു?

(3 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും രണ്ടു സ്കോർ വീതം) 4× 2=8

3. സർചാർജ്, സെസ്സ് എന്നിവ എന്തെന്ന് വ്യക്തമാക്കുക?

4. ഇന്ത്യയിൽ നിന്നും ബ്രിട്ടനിലേയ്ക്കുള്ള സാമ്പത്തിക ചോർച്ചയുടെ വിവിധ സ്രോതസ്സുകൾ ഏതെങ്കിലും രണ്ടെണ്ണം എഴുതുക

5. 1923–ൽ സ്വരാജ് പാർട്ടിക്ക് രൂപം നൽകിയത് ആരെല്ലാം?

6. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക ?

7. പൗരത്വം എത്രതരം അവ ഏവ?

8. ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രത്യക്ഷ നികുതികൾ ഏതെല്ലാം?

4×3=12

(9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതുക. മൂന്ന് സ്കോർ വീതം)

9. A കോളത്തിനനുയോജ്യമായത് B കോളത്തിൽ നിന്നെടുത്തെഴുതുക

| എ | ബി |
|---|---|
| ഡൽഹി | മൗലവി അഹമ്മദുള്ള |
| ലഖ്നൗ | ബഹദൂർഷ രണ്ടാമൻ |
| ഫൈസാബാദ് | ബീഗം ഹസ്റത്ത് മഹൽ |

10. ഇന്ത്യൻ സാമൂഹ്യപരിഷ്ക്കർത്താക്കളിൽ ഈശ്വരചന്ദ്രവിദ്യാസാഗർ വഹിച്ച പങ്ക് പരിശോധിയ്ക്കുക?
11. പൊതുകടം എന്നാൽ എന്ത്? പൊതു കടത്തിന്റെ ഭാഗങ്ങളായ ആഭ്യന്തരകടം, വിദേശകടം എന്നിവ എന്തെന്ന് വ്യക്തമാക്കുക?

12. വിദൂരസംവേദന സാങ്കേതികവിദ്യകൊണ്ടുള്ള ഏതെങ്കിലും മൂന്ന് ഉപയോഗങ്ങൾ എഴുതുക?

13. പഞ്ചശീലതത്ത്വങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക?

14. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യകാല പ്രാദേശിക സമരങ്ങൾ ഏതെല്ലാം

(15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം)

3×4=12

15. എ കോളത്തിൽ കൊടുത്തിട്ടുള്ള വിവരങ്ങൾക്ക് യോജിക്കുന്നവ ബി കോളത്തിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക

| എ | ബി |
|---|---|
| ലിറ്റൺ പ്രഭു | ഇംഗ്ലീഷ് വിദ്യാഭ്യാസം |
| മഹാത്മാ ഗാന്ധി | കേരള കലാമണ്ഡലം |
| മെക്കാളെ പ്രഭു | പ്രാദേശിക ഭാഷ പത്ര നിയമം |
| വള്ളത്തോൾ നാരായണമേനോൻ | വാർധ വിദ്യാഭ്യാസ പദ്ധതി |

16. സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനഃസംഘടനക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിക്കാനിടയാക്കിയ പശ്ചാത്തലം വിശദീകരിക്കുക

17. ആകാശീയ വിദൂരസംവേദനത്തിന്റെ ചില പോരായ്മകളുണ്ട് അവ ഏതെല്ലാം?

18. നൽകിയ ഇന്ത്യയുടെ ഔട്ട് ലൈൻ മാപ്പിൽ താഴെ നൽകിയ ഭൂമി ശാസ്ത്ര പ്രത്യേകതകൾ രേഖപ്പെടുത്തുക

- ആരവല്ലി
- ഡെക്കാൻ പീഠഭൂമി
- ഗോദാവരി
- പശ്ചിമ ഘട്ട മലനിരകൾ

(ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക.) 6×1=6

19. ഭൂവിവരവ്യവസ്ഥയുടെ വിവിധ വിശകലന സാധ്യതകൾ ഉദാഹരണസഹിതം വിശദീകരിക്കുക

OR

എന്താണ് ധരാതലീയ ഭൂപടങ്ങൾ ? ഈ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാമാണ് ?


300 km
200 mi